# മനഃപ്രഭാവം ആശ്രമധർമ്മം കൃഷ്ണോക്തികളിൽ

പ്രപഞ്ചത്തിലാകെയുള്ള കേന്ദ്രീകൃതനിസ്സംഗതയാണ് ഈശ്വരൻ. നമ്മുടെ വ്യക്തിത്വത്തിൽ ഒതുങ്ങിനില്ക്കുന്നതാണ് ആത്മസ്ഥിതി. രണ്ടുംതമ്മിൽ ഫലത്തിൽ ഒരു വ്യത്യാസവുമില്ല. ഒരു തുള്ളി വെള്ളവും, സമുദ്രവും പോലെയാണിവ. (പേജ് 27)

ഈശ്വരൻ പരമമാണ്, പരമഹേതുവാണ് എന്നറിഞ്ഞു ഭാവന ചെയ്യുന്നതിനാലുമാണ് ഭക്തനിൽ എല്ലാ ഗുണങ്ങളും ഉണ്ടാകുക.
(പേജ് 50)

പ്രവൃത്തികൾക്കെല്ലാം അതതിന്റെ ഫലങ്ങൾ ഉണ്ടാകുമെന്നു മനസ്സിലാക്കി ഫലങ്ങളോടു പ്രത്യേകം ഒരു പ്രതീക്ഷയോ മമതയോ പുലർത്താതിരിയ്ക്കുന്നതാണ് മനസ്സിന്റെ ഉത്തമമായ വൈഭവം.
(പേജ് 72)

മനോനിയമനമാണ് എന്തുകൊണ്ടും ശരിയ്ക്കും നേടാനുള്ളത്. അതുവിട്ടോ അതിനു മീതെയോ ഒന്നും കൈവരിയ്ക്കാനില്ല. സർവകർമ്മങ്ങളുടേയും, യോഗസിദ്ധികളുടേയും ലക്ഷ്യം മനോനിയമനംതന്നെ.
(പേജ് 75)

**വേദാന്തസാഹിത്യം പ്രതിപാദിച്ചു പ്രചരിപ്പിയ്ക്കുന്ന സുവിദിതനായ സംന്യാസനിഷ്ഠനാണ് സ്വാമി ഭൂമാനന്ദതീർഥർ. 23-ാം വയസ്സിൽ സംന്യാസവൃത്തി സ്വീകരിച്ചതോടെ അദ്ദേഹം അവിരതം അനശ്വരജ്ഞാനത്തിന്റെ മഹിമയെ, അസാധാരണമായ ആശയത്തെളിച്ചത്തോടും പ്രായോഗിക മേന്മയോടും കൂടി ഇന്ത്യയിലും വിദേശങ്ങളിലുമുള്ള ജിജ്ഞാസുക്കൾക്കു കലവറയില്ലാതെ ഉദ്ബോധിപ്പിച്ചു വരുകയാണ്. സ്വാമിജിയുടെ വാക്കുകൾ ഞെട്ടിയ്ക്കുന്ന യുക്തികൂർമതയോടെയാണ് നാഗരികചിന്തകനെ ഗ്രസിയ്ക്കുന്നതെങ്കിൽ, അനുഭവസാന്ദ്രമായ ആത്മസിദ്ധിയുടെ ഗാഢസ്പർശത്തോടെയാണ് ആത്മാർഥ ജിജ്ഞാസുവിനെ ആശ്ലേഷിയ്ക്കുന്നത്.**

# വിഷയവിവരം


**1**
1-19

- മനസ്സിന് നേടാവുന്ന ദിവ്യശക്തികൾ
- ഓരോ സിദ്ധിയ്ക്കുമുള്ള ധാരണ
- ആത്മജ്ഞനിലെ ഗാഢവൈഭവം
- നിർഗുണബ്രഹ്മധ്യാനം അത്യാനന്ദകരം

**2**
21-34

- നിനയ്ക്കുന്നത് ആയിത്തീരുന്ന മനസ്സ്
- ഉൾസങ്കല്പം അണയ്ക്കുന്ന വെളിപരിണാമം
- ഉദാസീനത വരുത്തുന്ന നിർദ്വന്ദ്വത്വം
- ആത്മയോഗം അഗ്നിയേയും തണുപ്പിയ്ക്കും
- ഭക്ത്യുപാസകന് സിദ്ധി സ്വാഭാവികം
- സർവസിദ്ധികളും ഊക്കൻ പ്രതിബന്ധം
- ഭക്തിയോഗിയ്ക്ക് എന്തും ലഭ്യം

**3**
35-75

- അസ്തിത്വം സ്ഥൂലവും സൂക്ഷ്മവും
- ഈശ്വരൻ മഹാവിഭൂതിതന്നെ
- അർജ്ജുനപ്രശ്നംതന്നെ ഉദ്ധവന്റേതും
- പാർഥനെ ഉണർത്തിയത് യുക്തിപൂർവം
- ഉപാസനായോഗ്യമായ ഈശ്വരഭാവങ്ങൾ
- സൂക്ഷ്മജീവനാണ് ഈശ്വരൻ
- ഓംകാരവും ഗായത്രിയും
- ഗണ്യമായ ഭഗവദ്വിഭൂതികൾ
- യജ്ഞങ്ങളിൽ ബ്രഹ്മയജ്ഞം

3

35-75

- ആത്മസംരോധം താൻതന്നെ
- ധർമങ്ങളിൽ സംന്യാസമാണ് ഈശ്വരൻ
- വിഭൂതികൾ ഇനിയും അനേകം
- വിരുദ്ധഭാവങ്ങളിലും ഭഗവദ്മഹിമ
- ചലനസ്പന്ദനങ്ങളൊക്കെ ഈശ്വരീയം
- ഭഗവാനല്ലാത്തതൊന്നുമില്ല
- മനോഗുണങ്ങൾ ഈശ്വരൻതന്നെ
- വിഭൂതികൾ മന:പരിണാമങ്ങൾ
- അനിയന്ത്രിതവ്രതം നിഷ്ഫലം

4

77-105

- ഈശ്വരപ്രീതിയ്ക്കുള്ള ധർമാനുഷ്ഠാനം
- കൃഷ്ണസമമല്ല  ഒരു ധർമവക്താവും
- നി:ശ്രേയസധർമം
- കൃതകൃത്യതയാൽ കൃതയുഗം
- വേദം പ്രണവത്തിന്റെ വിസ്താരം
- മൂന്നായ വേദവിദ്യ
- നാല് വർണവും ഈശ്വരസൃഷ്ടം
- ബ്രഹ്മസ്വഭാവം ശമദമപ്രധാനം
- ഗുണമൂല്യങ്ങളാൽ ഈശ്വരത്വം
- ക്ഷാത്രസ്വഭാവം വീര്യശൗര്യനിർഭരം
- വൈശ്യസ്വഭാവം ധനശേഖരനിരതം
- ശൂദ്രസ്വഭാവം സേവാസന്തുഷ്ടം
- പിഴച്ച മറ്റുസ്വഭാവങ്ങൾ
- ഏവർക്കുമുള്ള മൂല്യാചരണം

5

107-140

- ഗുരുകുലവാസം വ്യക്തിത്വപോഷണം
- ആചാര്യൻ ഈശ്വരരൂപം
- നൈഷ്ഠികബ്രഹ്മചര്യം
- ഗുരുവും സർവവും ഈശ്വരൻതന്നെ
- അഗൃഹസ്ഥൻ സ്ത്രീസംഗം വർജിയ്ക്കണം
- സർവത്ര ദൈവദർശനം ഏവർക്കും വേണ്ടത്
- ഗുരുകുലവാസാനന്തരം എന്ത്
- ഗൃഹസ്ഥാശ്രമധർമം
- ബ്രാഹ്മണജീവിതം തപോമയം
- ബ്രാഹ്മണന് ശിലോഞ്ഛവൃത്തി അനുത്തമം
- ഭരണത്തിന് ജനഭദ്രത പരീക്ഷ
- ഓരോരുത്തർക്കുമുള്ള ആപദ്ധർമം
- പഞ്ചമഹായജ്ഞം
- കുടുംബബന്ധം സ്വപ്നസമം
- ഗൃഹവാസം അതിഥിസമമാകണം
- അമിത ഗൃഹാസക്തി ആപത്കരം

142-146

- അനുക്രമണിക

# 1

- മനസ്സിന് നേടാവുന്ന ദിവ്യശക്തികൾ
- ഓരോ സിദ്ധിയ്ക്കുമുള്ള ധാരണ
- ആത്മജ്ഞനിലെ ഗാഢവൈഭവം
- നിർഗുണബ്രഹ്മധ്യാനം അത്യാനന്ദകരം

---

## മനസ്സിന് നേടാവുന്ന ദിവ്യശക്തികൾ

ശ്രീ ഭഗവാൻ പറഞ്ഞു:

**ജിതേന്ദ്രിയസ്യ യുക്തസ്യ**
**ജിതശ്വാസസ്യ യോഗിനഃ**
**മയി ധാരയതശ്ചേതഃ-**
**ഉപതിഷ്ഠന്തി സിദ്ധയഃ** (11.15.1)

അന്വയം: **ജിതേന്ദ്രിയസ്യ ജിതശ്വാസസ്യ ചേതഃ മയി ധാരയതഃ യുക്തസ്യ യോഗിനഃ സിദ്ധയഃ ഉപതിഷ്ഠന്തി.**

ഇന്ദ്രിയങ്ങളെ മെരുക്കി ശ്വാസം നിയന്ത്രിച്ചു മനസ്സിനെ എന്നിൽ വേണ്ടത്ര ധാരണംചെയ്തു ലക്ഷ്യത്തിൽനിന്നു പതറാതിരിയ്ക്കുന്ന യോഗിയ്ക്കു സിദ്ധികൾ വന്നുചേരുന്നതാണ്.

അധ്യാത്മസാധന മുഴുവനും സാധകന്റെ വ്യക്തിത്വത്തിൽമാത്രം ഒതുങ്ങിനില്ക്കുന്നതാണ്. ഇന്ദ്രിയങ്ങളെ മെരുക്കുക, മനസ്സിനെ പവിത്രവും ഏകാഗ്രവുമാക്കുക, ബുദ്ധിയെ ആധ്യാത്മികസത്യങ്ങളിൽ ആലോചനാരൂപത്തിൽ വ്യാപരിപ്പിച്ച് ആശയത്തെളിച്ചം സമ്പാദിയ്ക്കുക, ഇതെല്ലാമാണ് അധ്യാത്മസാധനയുടെ മുഖ്യവശങ്ങൾ.

അങ്ങനെ വ്യക്തിത്വം സംയുക്തവും പരിഷ്കൃതവും സൂക്ഷ്മവുമാകുമ്പോഴാണ് സാധാരണവിട്ടുള്ള ചില യോഗ്യതകളും ലക്ഷണങ്ങളും സാധകന് ഉണ്ടാകുന്നത്. ഇതിനെ പ്രത്യേകസിദ്ധികൾ എന്നു പറയാം. ഇവ അധ്യാത്മസാധകന്മാർക്കും തപസ്വികൾക്കും സഹജമാണ്.

ഉദ്ധവൻ പറഞ്ഞു:

**കയാ ധാരണയാ കാസ്വിത്**
**കഥംസ്വിത് സിദ്ധിരച്യുത**
**കതി വാ സിദ്ധയോ ബ്രൂഹി**
**യോഗിനാം സിദ്ധിദോ ഭവാൻ** (11.15.2)

**അന്വയം: (ഹേ) അച്യുത, കയാ ധാരണയാ കാസ്വിത് സിദ്ധിഃ കഥംസ്വിത് വാ (ഭവതി) സിദ്ധിഃ കതി വാ സിദ്ധയഃ (ഇതി)**

**ബ്രൂഹി യോഗിനാം സിദ്ധിദഃ ഭവാൻ (ഏവ).**

അല്ലേ അച്യുത, നാശമില്ലാത്തവനെ, ഏതു ധാരണയാൽ ഏതു സിദ്ധി എങ്ങനെ കൈവരുന്നുവോ, സിദ്ധികൾ എന്തെല്ലാമാണ് എന്നു പറഞ്ഞുതന്നാലും. യോഗികൾക്കു സിദ്ധി നല്കുന്നവൻ അങ്ങാണല്ലോ.

ഉദ്ധവൻ പറയുന്നു, കൃഷ്ണപരമാത്മാവാണ് സർവ സിദ്ധികൾക്കും ഉറവിടം. ആർക്ക്, എന്തു സിദ്ധി, എവിടെ, എങ്ങനെ ഉണ്ടായാലും, അതിന്റെയൊക്കെ പിന്നിൽ കൃഷ്ണപരമാത്മാവിന്റെ ഹിതവും അനുഗ്രഹവുമാണ്. അതുകൊണ്ട് എത്രതരത്തിൽ സിദ്ധികളുണ്ട്, അതെങ്ങനെയെല്ലാം കൈക്കലാക്കാം, ഓരോന്നിനുമുള്ള വിശേഷതയെന്ത്, എന്നൊക്കെ കേൾക്കണമത്രേ ഉദ്ധവന്.

ശ്രീ ഭഗവാൻ പറഞ്ഞു:

**സിദ്ധയോഽഷ്ടാദശ പ്രോക്താഃ-**
**ധാരണായോഗപാരഗൈഃ**
**താസാമഷ്ടൗ മത്പ്രധാനാഃ-**
**ദശൈവ ഗുണഹേതവഃ** (11.15.3)

അന്വയം: **സിദ്ധയഃ അഷ്ടാദശ പ്രോക്താഃ ധാരണാഃ യോഗ-പാരഗൈഃ താസാം അഷ്ടൗ മത്പ്രധാനാഃ ദശ ഗുണഹേതവഃ ഏവ.**

സിദ്ധികൾ 18 വിധമാണ്. ധാരണയും അങ്ങനെത്തന്നെ എന്നാണ് യോഗത്തിന്റെ കര കണ്ടവരാൽ പറയപ്പെട്ടിരിയ്ക്കുന്നത്. അവയിൽ, ആ സിദ്ധികളിൽ 8 എണ്ണം എന്നെ പ്രാപിയ്ക്കുന്നതിനു പ്രധാനമാണ്. 10 എണ്ണം സത്ത്വാദി ഗുണങ്ങൾ വരുത്തിവെയ്ക്കുന്നതും.

18 വിധമാണ് സിദ്ധികളെന്നുപറഞ്ഞു കൃഷ്ണൻ അവയെ രണ്ടായി വിഭജിയ്ക്കുന്നു. യോഗവിദ്യയും യോഗസാധനയും അറിയുന്ന തത്ത്വജ്ഞരാണത്രേ യോഗസിദ്ധികൾക്കുള്ള നിർവചനം നല്കിയിരിയ്ക്കുന്നത്. അതു താൻ വിവരിയ്ക്കുന്നുവെന്നേയുള്ളു. ഇങ്ങനെ പറയുന്നത് ഒരുനിലയ്ക്ക് കൃഷ്ണന്റെ മേന്മയും മഹിമയുമാണ്. മറ്റൊരു നിലയ്ക്കോ, ഈ യോഗസാധനയും യോഗസിദ്ധിയും ഭാരതത്തിൽ പണ്ടേയ്ക്കുപണ്ടേമുതൽ നിലനിന്നുപോരുന്നതാണ്.

വേദങ്ങൾ അനാദിയാണ്. അവയുടെ അന്തത്തിലാണ് ഉപനിഷത്സത്യങ്ങൾ കണ്ടുപിടിച്ചു പ്രഖ്യാപിച്ചത്. അന്നുമുതൽ ഇവിടെ അധ്യാത്മജീവിതം സർവോപരി പരിലസിച്ചുപോരുന്നു. അതിൽ തപസ്സും ധ്യാനവും സമാധിയുമാണല്ലോ മുഖ്യവും അന്തിമവും. ഇതിൽ പ്രവർത്തിയ്ക്കുന്നതു വ്യക്തിത്വത്തിന്റെ ആന്തരഘടകങ്ങ

ളാണ്. ഇവതന്നെയാണല്ലോ ബാഹ്യലോകത്തിലുള്ള കണ്ടുപിടുത്തങ്ങൾക്കും *സയൻസി*നും *ടെക്നോളജി*യ്ക്കുമെല്ലാം കാരണവും. വിദ്യുച്ഛക്തി കണ്ടുപിടിച്ചതു കൈകാലുകളുടെയല്ല, മനസ്സിന്റേയും ബുദ്ധിയുടേയും നേട്ടമാണ്. ആകർഷണശക്തി, അക്ഷരങ്ങൾ, അക്കങ്ങൾ, പൂജ്യം, അണുശക്തി, *ന്യൂക്ലിയർപവർ,* ഇങ്ങനെയുള്ളതെല്ലാം മനുഷ്യമനസ്സിന്റേയും ബുദ്ധിയുടേയും സിദ്ധികളാണ്.

പുറംലോകത്തിൽ മേല്ക്കുമേൽ നേട്ടങ്ങളും ശക്തികളും കണ്ടുപിടിയ്ക്കുന്നതിൽ വിജയിയ്ക്കുന്ന മനസ്സും ബുദ്ധിയും ആന്തരമായി തപോനുഷ്ഠാനത്തിനു പുറപ്പെടുമ്പോൾ അവിടേയും ഇതേ കഴിവും നേട്ടവും പ്രദർശിപ്പിയ്ക്കണമല്ലോ. അങ്ങനെ വന്നുകൂടിയതാണ് സിദ്ധികളുടെ വലിയ പട്ടിക.

അധ്യാത്മസാധനയും തപോനുഷ്ഠാനവും ജീവിതവൃത്തിയായവർക്കു സിദ്ധികളിലൂടെ കടന്നുപോകേണ്ടിവരും. അത് അവരെ കനിയാതിരിക്കില്ലെന്നാണ് കൃഷ്ണൻ പറയുന്നത്.

സിദ്ധികളെ കൃഷ്ണൻ രണ്ടായി കാണുന്നു. 8 സിദ്ധികൾ വളരെ പ്രധാനമാണ്. അതെല്ലാം ഈശ്വരപ്രാപ്തിയുടെ ഭാഗങ്ങളും അതിനു സഹായിയ്ക്കുന്നതുമാണ്. 10 എണ്ണം സത്ത്വം, രജസ്സ്, തമസ്സ്, തുടങ്ങിയ ഗുണങ്ങളുടെ പ്രവർത്തനംകൊണ്ട് സംഭവിയ്ക്കുന്നതും.

**അണിമാ മഹിമാ മൂർതേഃ-**
**ലഘിമാ പ്രാപ്തിരിന്ദ്രിയൈഃ**
**പ്രാകാമ്യം ശ്രുതദൃഷ്ടേഷു**
**ശക്തിപ്രേരണമീശിതാ** (11.15.4)

അന്വയം: **മൂർതേഃ അണിമാ മഹിമാ ലഘിമാ ഇന്ദ്രിയൈഃ പ്രാപ്തിഃ ശ്രുതദൃഷ്ടേഷു പ്രാകാമ്യം ശക്തിപ്രേരണം ഈശിതാ.**

ദേഹത്തിൽ സംഭവിയ്ക്കുന്ന ചെറുതാകൽ, വലുതാകൽ, കനമില്ലാതാകൽ, ഇന്ദ്രിയസുഖങ്ങൾ പ്രാപിയ്ക്കൽ, ഇഹലോകത്തിലും പരലോകത്തിലുമുള്ള ഭോഗങ്ങൾ വെളിപ്പെട്ടുവരൽ, ശക്തിയെ ഇളക്കിവിടൽ, ഈശനായിത്തീരുന്ന നില.

ദേഹം അണുസമമാകുന്നതാണ് അണിമ, ബൃഹത്താകുന്നതു മഹിമയും, കനം തീരെ ഇല്ലാതാകുമ്പോൾ ലഘിമയായി. ഓരോ പ്രാണിയോടും ഉള്ളുകൊണ്ട് താദാത്മ്യം പ്രാപിച്ച് ഐന്ദ്രിയ സുഖങ്ങൾ അനുഭവിയ്ക്കുന്നതാണത്രേ പ്രാപ്തിയെന്ന സിദ്ധി. ഇഹലോകത്തിലും പരലോകത്തിലുമുള്ള ദൃശ്യങ്ങളെയെല്ലാം കണ്ടറിയുന്നതാണ് പ്രാകാമ്യം.

ബാക്കിയുള്ളവരെ താൻ വിചാരിയ്ക്കുന്നപോലെ പ്രബോധിപ്പിയ്ക്കാൻ കഴിയുന്നത് ഈശിത.

**ഗുണേഷ്വസംഗോ വശിതാ**
**യത്കാമസ്തദവസ്യതി**
**ഏതാ മേ സിദ്ധയഃ സൗമ്യ**
**അഷ്ടാവൗത്പത്തികാ മതാഃ** (11.15.5)

അന്വയം: **സൗമ്യ ഗുണേഷു അസംഗഃ വശിതാ യത് കാമഃ തത് അവസ്യതി ഏതാഃ അഷ്ടൗ സിദ്ധയഃ മേ ഔത്പത്തികാഃ മതാഃ.**

അല്ലേ സൗമ്യ, ഗുണങ്ങളിൽ ചേർച്ചയില്ലാതിരിയ്ക്കലാണ് വശിത. എന്ത് ആഗ്രഹിയ്ക്കുന്നുവോ അതു ലഭിയ്ക്കു മ്പോൾ കാമാവസായിതയായി. ഈ 8 സിദ്ധികൾ എന്റെ സ്വഭാവത്തിൽ നിന്നും നിർഗളിയ്ക്കുന്നതാണെന്നു പറയപ്പെടുന്നു.

ദേഹമുണ്ടെന്നതു ശരി, തന്മൂലം ഇന്ദ്രിയങ്ങൾ പ്രവർത്തിയ്ക്കയും ചില സുഖങ്ങൾ അനുഭവിയ്ക്കുന്നതും അതുപോലെതന്നെ. പക്ഷേ ഇവയോടൊന്നും ഒരുതരത്തിലും ഒട്ടലോ അഹന്തയോ ആവശ്യമോ തോന്നാതിരിയ്ക്കുന്നതാണ് വശിതാ എന്ന സിദ്ധി. ഇതു സാധിയ്ക്കുമോ എന്നാരും സംശയിയ്ക്കരുത്. ദേഹമുള്ളതുകൊണ്ട് അതിനോട് ഒട്ടൽ ഉണ്ടായിക്കോളണമെന്നില്ല, വാസ്തവത്തിൽ ദേഹമല്ലല്ലോ ആരും.

നമുക്കൊരു ദേഹമുണ്ടെന്നതു ശരി. പക്ഷേ ദേഹം ഞാനാണെന്നു വിചാരിയ്ക്കുന്നത് അതുപോലെയല്ല. കണ്ണുകൊണ്ട് കാണുന്നു, ചെവികൊണ്ട് കേൾക്കുന്നു. കണ്ടതോടും കേട്ടതോടുമൊക്കെ ക്രമത്തിലധികം ഒട്ടലും വ്യാമോഹവും വേണമെന്നില്ല. ഇതൊക്കെ ഇല്ലാതിരിയ്ക്കാനും സാധ്യതയുണ്ട്. അതാണ് വാസ്തവത്തിൽ വശിത.

ആഗ്രഹങ്ങൾ നിറവേറിക്കാണുന്നതാണ് താദാത്മ്യമെന്ന സിദ്ധി. ഭക്തിയും മനഃശുദ്ധിയും ഉള്ളവർക്ക് ആഗ്രഹിയ്ക്കേണ്ടതില്ല. എങ്ങാനും അല്ലറചില്ലറ ആശകളുണ്ടെങ്കിൽ, തന്നെത്താനെ നിറവേറിക്കൊള്ളും, ഉടനടിയോ അല്പംകഴിഞ്ഞോ.

ആഗ്രഹിയ്ക്കുന്ന മനസ്സിനേയും ആഗ്രഹിയ്ക്കാതിരിയ്ക്കുന്നതിനേയും തട്ടിച്ചുനോക്കിയാൽ, നിരാഗ്രഹമായ മനസ്സിനാണ് കൂടുതൽ വിലയും നിലയും പ്രയോജനവും.

ജീവിതമെന്നതുതന്നെ ഇന്ദ്രിയങ്ങളും ലോകവസ്തുക്കളും തമ്മിലുള്ള സമ്പർക്കമാണ്. ഇതു സാധ്യമാകണമെങ്കിൽ ലോകവസ്തുക്കൾ ഇന്ദ്രിയങ്ങളെ സമീപിച്ചേ തീരൂ, മറിച്ചും. ഇതു ജീവിതത്തിന്റെ വിജയപ്രദമായ മുന്നേറ്റത്തിന് ആവശ്യമാണ്. അതു നടക്കുന്നതു പ്രകൃതിയുടെ വ്യവസ്ഥതന്നെ. അതുവിട്ട് അതിന് ഒരു പ്രേരണയും

ആവശ്യമില്ല. അതുകൊണ്ട് ആഗ്രഹിയ്ക്കണമെന്നില്ല. ആവശ്യത്തിനനുസരിച്ചു ഭക്തന്നോ യോഗിയ്ക്കോ ജ്ഞാനസാധകന്നോ വേണ്ടതൊക്കെ സ്വാഭാവികമായി നടന്നുകൊള്ളും.

കള്ളനേയും മുള്ളനേയും സഹായിച്ചു തുണയ്ക്കുന്ന പ്രകൃതി, നല്ലവർ, സാധനയും തപസ്സും ചെയ്യുന്നവർ, ഇവരെയൊക്കെ കൂടുതൽ അനുഗ്രഹിക്കില്ലേ എന്ന് എപ്പോഴും ചിന്തിച്ചുകൊണ്ടിരിയ്ക്കണം.

എന്താഗ്രഹവും മനസ്സിനെ വലയംചെയ്യുന്ന ചങ്ങലയാണെന്നു കണക്കാക്കുക. ആഗ്രഹങ്ങൾ ഇല്ലാതായാൽ മനസ്സിനും ബുദ്ധിയ്ക്കും വിശാലതയും, ഒപ്പം കാര്യങ്ങൾ നേടാനുള്ള കഴിവും വർധിയ്ക്കയേയുള്ളൂ. ബന്ധിതമനസ്സോടെ ജീവിയ്ക്കാതെ സ്വതന്ത്രമനസ്സോടെ കഴിയാൻ പഠിയ്ക്കുക.

**അനൂർമിമത്ത്വം ദേഹേഽസ്മിൻ**
**ദൂരശ്രവണദർശനം**
**മനോജവഃ കാമരൂപം**
**പരകായപ്രവേശനം** (11.15.6)

അന്വയം: **അസ്മിൻ ദേഹേ അനൂർമിമത്ത്വം ദൂരശ്രവണദർശനം മനോജവഃ കാമരൂപം പരകായപ്രവേശനം.**

ഈ ദേഹത്തിൽ വിശപ്പും ദാഹവും അലട്ടാതെയിരിയ്ക്കുന്നതാണ് അനൂർമിമത്ത്വം. സാധാരണ നമുക്കു കേൾക്കാൻ പറ്റാത്തത്ര ദൂരെയുള്ള കാര്യങ്ങൾ കേൾക്കുന്നതു ദൂരശ്രവണം, കാണുന്നതു ദർശനം. മനസ്സ് സങ്കല്പിയ്ക്കുന്നിടത്തു ചെന്നുപെടുന്നതു മനോജവം. ഇഷ്ടരൂപം ധരിയ്ക്കാൻ സാധിയ്ക്കുന്നതു കാമരൂപം. അന്യന്റെ ശരീരത്തിൽ പ്രവേശിയ്ക്കാൻ കഴിയുന്നതാണ് പരകായപ്രവേശനം.

എട്ടു സിദ്ധികൾ ഈശ്വരനോടും ഈശ്വരാനുഗ്രഹത്തോടും ബന്ധപ്പെട്ടതാണെന്നു പറഞ്ഞു. പിന്നത്തെ പത്തോ? ഗൗണമാണത്രെ. ആ പത്തിനെപ്പറ്റിയാണ് കൃഷ്ണൻ വിവരിയ്ക്കുന്നത്. ഇവ സംസാരത്തിൽ ബന്ധവും വിഷമവും ജനിപ്പിയ്ക്കുന്നതിനാൽ അഭികാമ്യമല്ല.

ദേഹത്തിനുള്ള ധർമമാണ് വിശപ്പ്, ദാഹം. ഇതില്ലാതാകുന്നതത്രേ അനൂർമിമത്ത്വമെന്ന സിദ്ധി.

മനുഷ്യനു കാണാനും കേൾക്കാനും ഒരു പരിധിയുണ്ട്. മുമ്പിൽ ഒരു മതിൽ ഉണ്ടെന്നു വെയ്ക്കുക, അതിനപ്പുറത്തുള്ള കാര്യങ്ങൾ കാണാൻ പറ്റില്ല. പക്ഷേ ദൂരശ്രവണദർശനമെന്ന സിദ്ധിയുള്ളവന് അതും കാണാം. അതുപോലെതന്നെ ശബ്ദത്തിന്റെ കാര്യത്തിലും.

മനസ്സ് എവിടെച്ചെന്നു പറ്റുന്നുവോ അവിടെ ദേഹവും ചെന്നുപറ്റാ

നുള്ള സാധ്യതയാണത്രേ മനോജവം. ഇഷ്ടമുള്ള രൂപം സ്വീകരിയ്ക്കാൻ സാധിയ്ക്കുന്നതു കാമരൂപം. അന്യന്റെ ദേഹത്തിൽ പ്രവേശിയ്ക്കാൻ സാധിയ്ക്കുന്നതിനെ പരകായപ്രവേശമെന്നു പറയുന്നു. ഇതു സാധിയ്ക്കുമോ എന്നതു ചോദ്യാർഹമാണ്.

ശരീരത്തെ സചേതനവും പ്രവർത്തനക്ഷമവും ആക്കിനിർത്തുന്നത് ആകാശംപോലെയുള്ള ഒരു സാന്നിധ്യമാണ്. അതിനു വ്യക്തിത്വമില്ല, ജീവികൾക്കുള്ളപോലെ. ദേഹം വേറെ, ഇന്ദ്രിയങ്ങൾ വേറെ. മന: പ്രവർത്തനം വ്യക്തീയമാണ്, ബുദ്ധിയുടേതും അതുപോലെതന്നെ. അഹങ്കാരവും ഒരുനിലയ്ക്കു വ്യക്തീയമാണ്.

ഈ അഞ്ചിനും അപ്പുറത്താണ് പരമാത്മതത്ത്വം. അത് അതിവിശാലവും ജനനമരണവർജിതവുമാണ്. അതിനാൽ ആത്മാവിന് ഒരുതരത്തിലും വ്യക്തീയതയില്ല, മനസ്സിനും ബുദ്ധിയ്ക്കും അഹങ്കാരത്തിനുമുള്ളതുപോലെ. എല്ലാ ദിക്കിലും വ്യാപിച്ചുകിടക്കുന്നതാണെങ്കിൽ, അതിന് ഒരു ദേഹത്തെ വിടാനോ മറ്റൊന്നിൽ പ്രവേശിയ്ക്കാനോ കഴിയുമോ?

സർവവ്യാപി എങ്ങനെ പ്രാണൻനിന്ന ശരീരത്തെ വിടും, അതുപോലെ പ്രാണനുള്ള മറ്റൊന്നിൽ പ്രവേശിയ്ക്കും? സ്വർഗം, നരകം എന്നപോലെ ഈ വക സിദ്ധികളും കേട്ടുകേൾവിയല്ലാതെ വാസ്തവത്തിൽ ഉണ്ടോ എന്നു ചിന്തിയ്ക്കേണ്ടതാണ്.

ശങ്കരാചാര്യൻ പറയുന്നപോലെ **അനുഭവ-അനാരൂഢവിഷയേ സ്വർഗാദൗ സ്യാത് ആശങ്കാ അസ്തി വാ ന വാ ഇതി** എന്നതാവണം ഇതിൽ സാധകരുടേയും ഭക്തരുടേയും വിചാരഗതി.

അനുഭവസിദ്ധമല്ലാത്ത കാര്യത്തിൽ, ഉദാഹരണത്തിനു സ്വർഗം മുതലായത്, ഉണ്ടോ ഇല്ലയോ എന്ന സംശയം എന്നേയ്ക്കും നില്ക്കും. അതുകൊണ്ട് അവയെ വിട്ടു വിവേകമുള്ളവൻ എന്തുവേണം? അനുഭവസിദ്ധവും സംശയത്തിന് ഇടം നല്കാത്തതുമായ പരമാത്മതത്ത്വസാക്ഷാത്കാരത്തിനുവേണ്ടി പരിശ്രമിയ്ക്കുക. ഇതാകണം എല്ലാവരുടേയും മാനദണ്ഡം.

**സ്വച്ഛന്ദമൃത്യുർദേവാനാം**
**സഹക്രീഡാനുദർശനം**
**യഥാസങ്കല്പസംസിദ്ധിഃ-**
**ആജ്ഞാപ്രതിഹതാഗതിഃ** (11.15.7)

അന്വയം: **സ്വച്ഛന്ദമൃത്യുഃ ദേവാനാം സഹക്രീഡാനുദർശനം യഥാസങ്കല്പസംസിദ്ധിഃ അപ്രതിഹതാഃ ഗതിഃ ആജ്ഞ.**

ഇച്ഛയ്ക്കൊത്ത മരണം, ദേവന്മാർ ദേവസ്ത്രീകളോടെ

കളിയ്ക്കുന്ന കാഴ്ച, സങ്കല്പം സഫലമാകുന്ന അവസ്ഥ, തടസ്സമില്ലാത്ത ഗതി, ആജ്ഞ എന്ന സിദ്ധിയാണ്.

സ്വെച്ഛാമരണമെന്ന സിദ്ധിയെപ്പറ്റി പറയാറുണ്ട്. ഭീഷ്മന് ഇതുണ്ടായിരുന്നു. ദേവസ്ത്രീകളോടെ രമിയ്ക്കുന്ന കാഴ്ച, എന്നേ പറയുന്നുള്ളു, രമിയ്ക്കൽ എന്നു പറയുന്നില്ല. അതുകൊണ്ട് അതു വെറും ഭാവനാനുഭവമാണ്.

സങ്കല്പത്തിനു ശക്തികൂടി, സങ്കല്പിച്ചാൽ എന്തും കിട്ടുമെന്നുള്ള നില, ഒരു പ്രതിബന്ധവുമില്ലാതെ എവിടെവേണമെങ്കിലും പോകാൻ സാധിയ്ക്കുമെന്ന നില; ഇതൊക്കെയാണ് സത്ത്വാദിഗുണങ്ങളെ ആശ്രയിച്ചുള്ള സിദ്ധികൾ.

ശ്രീമദ്ഭാഗവതത്തിൽ പലേടങ്ങളിലായി പലതും പ്രതിപാദിയ്ക്കുന്നുവെങ്കിലും ഏതാണ് അഭിലഷണീയം, യുക്തിസഹം, ഏതൊക്കെയാണ് അങ്ങനെയല്ലാത്തത്, എന്ന വിവേചനം കൂടിയേ തീരൂ. മറ്റിടങ്ങളിൽ ചോദ്യവും ഉത്തരവുമായി പ്രതിപാദിച്ച കാര്യങ്ങളെവെച്ചുനോക്കുമ്പോൾ, സിദ്ധികളെപ്പറ്റിയുള്ള പ്രസംഗം വാസ്തവത്തിൽ നമുക്കാവശ്യമോ സഹായമോ അല്ല.

ഉദ്ധവൻ കൃഷ്ണനോടു സ്വർഗമെന്താണെന്നു പിന്നീടു ചോദിയ്ക്കുന്നു. സത്ത്വഗുണത്തിന്റെ ഉദയമാണ് സ്വർഗം, തമോഗുണത്തിന്റെ ആധിക്യം നരകവും എന്നാണ് കൃഷ്ണൻ അതിനു നല്കുന്ന ഉത്തരം. ഭഗവദ്ഗീതയിലും കൃഷ്ണൻ പറയുന്നു:

**ത്രിവിധം നരകസ്യേദം**
**ദ്വാരം നാശനമാത്മനഃ**
**കാമക്രോധസ്തഥാ ലോഭഃ-**
**തസ്മാദ് ഏതത്രയം ത്യജേത്** (16.21)

നരകത്തിനുള്ള മൂന്നു കവാടങ്ങളാണ് കാമം, ക്രോധം, ലോഭം. മനസ്സിന്റെ രൂക്ഷവികാരങ്ങളാണ് ഈ മൂന്നും. അവ വരുത്തിത്തീർക്കുന്നതാണ് വാസ്തവത്തിൽ നരകം. അപ്പോൾ ഈ ഭൂമിവിട്ടു മരണാനന്തരം കൈവരിയ്ക്കാനുള്ള സ്വർഗമോ നരകമോ ഉണ്ടോ എന്നു വിവേകപൂർവം ചിന്തിച്ചാൽ ഒക്കെ ഭാവനാത്മകമാണെന്നു തെളിയും.

ഐഹികവും അനുഭവസിദ്ധവുമായ കാര്യങ്ങളെയാണ് ഭക്തൻ മുറുകെ പിടിയ്ക്കേണ്ടത്. അപ്പോൾ ഈശ്വരനോടുള്ള അകൈതവമായ ഭക്തി നല്കുന്ന നിരന്തരസുഖംമാത്രമേ വേണ്ടു.

എന്തു സിദ്ധികളും അവസാനം നല്കുന്നതു സുഖമാണ്. അതു മനസ്സിൽ നേരിട്ട് അനുഭവിയ്ക്കാനുള്ള വഴിയാണ് ഭക്തിയെന്നു വരുമ്പോൾ, അതുവിട്ട് ഒരു സിദ്ധി ആവശ്യമോ പ്രസക്തമോ എന്നു ഭക്തന്മാർ വീണ്ടുംവീണ്ടും ചിന്തിച്ചുറപ്പിയ്ക്കണം.